// മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

പി.ആർ.ഒ./39/270/2018 2018 ഡിസംബർ 14

# വാർത്താക്കുറിപ്പ്

## ബി.ടെക് ഇന്റേണൽ റീ-ഡു പരീക്ഷ 26 മുതൽ

അഫിലിയേറ്റഡ് കോളേജുകളിലെ ബി.ടെക് (2010ന് മുമ്പുള്ള അഡ്മിഷൻ, 2010 മുതൽ അഡ്മിഷൻ - എല്ലാ സെമസ്റ്ററുകളും) ഇന്റേണൽ റീ-ഡു പരീക്ഷ ഡിസംബർ 26 മുതൽ അതത് പരീക്ഷാകേന്ദ്രങ്ങളിൽ നടത്തും. വിശദവിവരം പരീക്ഷാകേന്ദ്രത്തിൽ ലഭിക്കും.

## യു.ജി. ഒന്നാം സെമസ്റ്റർ പരീക്ഷ

2018 അഡ്മിഷൻ യു.ജി. സി.ബി.സി.എസ്. ഒന്നാം സെമസ്റ്റർ പരീക്ഷയും 2013, 2014, 2015, 2016 അഡ്മിഷൻ യു.ജി. സി.ബി.സി.എസ്.എസ്. ഒന്നാം സെമസ്റ്റർ റീഅപ്പിയറൻസ് പരീക്ഷകളും ടൈംടേബിൾ പ്രകാരം ഡിസംബർ 17ന് ആരംഭിക്കും.

2017 അഡ്മിഷൻ സി.ബി.സി.എസ്. റീഅപ്പിയറൻസ് പരീക്ഷകൾ 2019 ജനവരി മൂന്ന് മുതൽ പ്രത്യേക പരീക്ഷയായി നടത്തും. വിശദമായ ടൈംടേബിൾ പിന്നീട് അറിയിക്കും. 2017 അഡ്മിഷൻ സി.ബി.സി.എസ്. റീഅപ്പിയറൻസ് പരീക്ഷകൾക്കുള്ള ഫീസ് ഓൺലൈനായി കോളേജിൽ നിന്ന് അടയ്ക്കണം. സ്വന്തം നിലയിൽ ഫീസ് അടച്ചവരുടെ രജിസ്ട്രേഷൻ സാധ്യമായിട്ടില്ല. സ്വന്തമായി ഫീസടച്ചവർ രസീത് അതത് പ്രിൻസിപ്പൽമാർ മുഖേന ഡിസംബർ 17ന് വൈകീട്ട് നാലിനകം സർവകലാശാലയിൽ എത്തിക്കണം. പരിശോധനയ്ക്കുശേഷം അടച്ച പണം തിരികെ നൽകും. ഫീസ് ഓൺലൈനായി അടച്ചാലേ രജിസ്ട്രേഷൻ പൂർത്തിയാകൂ. ഫീസ് അടയ്ക്കാനുള്ള അവസാന തീയതി ഡിസംബർ 22ന് വൈകീട്ട് 3.30 വരെ.

## 'ഡവലപ്പിംഗ് റിസർച്ച് ഇൻസ്ട്രുമെന്റ്'; ഏകദിന രാജ്യാന്തര ശില്പശാല 19ന്

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസും സംയുക്തമായി 'ഡവലപ്പിങ്ങ് റിസർച്ച് ഇൻസ്ട്രുമെന്റ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഏകദിന രാജ്യാന്തര ശില്പശാല ഡിസംബർ 19ന് നടക്കും. രാവിലെ 10ന് സിൻഡിക്കേറ്റംഗം ഡോ. സന്തോഷ് പി. തമ്പി ഉദ്ഘാടനം ചെയ്യും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഡയറക്ടർ പ്രൊഫ. എൻ. രാജീവ് കുമാർ അധ്യക്ഷത വഹിക്കും. പ്രൊഫ. തുളസീധരൻ, പ്രൊഫ. പി.എസ്. സുകുമാരൻ, പ്രൊഫ. ജയ ജയ്സ്, പ്രൊഫ. ജെ.വി. ആശ എന്നിവർ പങ്കെടുക്കും. അമേരിക്കയിലെ ഡെലാവേർ സർവകലാശാലയിലെ പ്രൊഫ. രത്ന നന്ദകുമാർ വിഷയാവതരണം നടത്തും. രജിസ്ട്രേഷന് ഫോൺ: 9526719084, 9895474642.

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**